കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആളൂർ ഗ്രാമപഞ്ചായത്ത് - പൊരുന്നച്ചിറ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുക തനത് ഫണ്ടിൽ നിന്നും അടയ്ക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 4066 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 16.12.2017.

---

പരാമർശം : ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്റിന്റെ 04.12.17 ലെ എ 2-10232/2016 കത്ത്

## ഉത്തരവ്

ആളൂർ ഗ്രാമപഞ്ചായത്തിലെ ഇരുപതാം വാർഡിലുള്ള പൊരുന്നച്ചിറ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 350000 രൂപ അടയ്ക്കുവാനുണ്ടെന്നും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ളവരാണ് ഈ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളെന്നും ഇത്രയും ഭീമമായ തുക അടവാക്കുന്നതിന് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് സാധിക്കുകയില്ലെന്നും ആയതിനാൽ നിലവിലുള്ള കുടിശ്ശിക തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആളൂർ ഗ്രാമപഞ്ചായത്തിലെ ഇരുപതാം വാർഡിലുള്ള പൊരുന്നച്ചിറ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 350000 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ആളൂർ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ